"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ മുതല ഗ്രാമ പഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ 01/04/2023 മുതൽ 12/06/2023 വരെയുള്ള കാലയളവിൽ കുടിവെള്ള വിതരണത്തിന് സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചതിൽ അധികമായി ചിലവായ 4,93,260/- രൂപ, ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി സി) വകുപ്പ്**

സ.ഉ.(സാധാ) നം.558/2025/LSGD തീയതി,തിരുവനന്തപുരം, 25-02-2025

---

പരാമർശം:-

1. 06/3/2023 ലെ സ.ഉ.(സാധാ)564/2023/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്
2. 02/06/2023 ലെ സ.ഉ.(സാധാ)1153/2023/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്
3. 29/11/2024 തീയതിയിലെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ PD/38796/2024-DPLC2 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ മുതല ഗ്രാമപഞ്ചായത്ത് പരിധിയിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ 01/04/2023 മുതൽ 31/05/2023 വരെയുള്ള കാലയളവിൽ കുടിവെള്ളം വിതരണം നടത്തിയതിന് 14,61,420/- രൂപ ചെലവ് വന്നിട്ടുണ്ടെന്നും പരാമർശം (1) ഉത്തരവ് പ്രകാരം അനുവദനീയമായ 12 ലക്ഷം രൂപ, കരാറുകാരൻ സമർപ്പിച്ച ബില്ലും, അനുബന്ധ രേഖകളും പരിശോധിച്ചത് പ്രകാരം നൽകിയിട്ടുള്ളതും ആയതിൽ അധികമായി ചെലവായ 2,61,420/-രൂപ കരാറുകാരന് അനുവദിക്കാനുണ്ടെന്നും കാലവർഷം ശക്തി പ്രാപിക്കാത്ത സാഹചര്യത്തിൽ ,പരാമർശം (2) ഉത്തരവ് പ്രകാരം,01/06/2023 മുതൽ 12/06/2023 വരെ കുടിവെള്ളം വിതരണം ചെയ്തിട്ടുണ്ടെന്നും ആയതിനു 2,31,840/- രൂപ കൂടി വിതരണക്കാരന് നൽകാനുണ്ടെന്നും മുതല ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും കുടിവെള്ളക്ഷാമം രൂക്ഷമായതിനാൽ ഏപ്രിൽ, മെയ് മാസങ്ങളിൽ പരാമർശം (1) ഉത്തരവിൽ അധികരിച്ച് ചെലവായ 2,61,420/ രൂപയും 01/06/2023 മുതൽ 12/06/2023 വരെ കുടിവെള്ളം വിതരണം ചെയ്ത വകയിൽ കരാറുകാരന് നൽകേണ്ട തുകയായ 2,31,840/- രൂപയും കൂടി ആകെ 4,93,260/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള പ്രത്യേക അനുമതി ലഭ്യമാകുന്നതിനായി ഭരണസമിതി തീരുമാനത്തിന്റെ പകർപ്പ്, വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് രേഖകളും, ജി.പി. എസ് റിപ്പോർട്ടും പാലക്കാട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടോടെ ലഭ്യമായിട്ടുണ്ടെന്നും പാലക്കാട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും സെക്രട്ടറി ലഭ്യമാക്കിയ അനുബന്ധ രേഖകളുടെയും അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവിൽ അധികമായി ചെലവായ 4,93,260/-

രൂപ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്നു പരാമർശിത കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

(2) കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി തനത് പ്ലാൻ ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിനു തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൽ, കുടിവെള്ള വിതരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത്/വികസനഫണ്ടിൽ നിന്നും തുക വിനിയോഗിക്കാവുന്നതാണെന്നും 31.03.2023 വരെ 6 ലക്ഷം രൂപയും 01.04.2023 - 31.05.2023 വരെ 12 ലക്ഷം രൂപയും ചെലവഴിക്കാവുന്നതെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്ത് കുടിവെള്ള ക്ഷാമം രൂക്ഷമായി തുടരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 01.06.2023 മുതൽ രണ്ടാഴ്ചത്തേക്കോ അല്ലെങ്കിൽ പ്രസ്തുത പ്രദേശങ്ങളിൽ മഴ ലഭിക്കുന്നത് വരെയോ ഏതാണോ ആദ്യം എന്ന ക്രമത്തിൽ കുടിവെള്ളവിതരണം നടത്തുന്നതിന് തനതു/പ്ലാൻ ഫണ്ടിൽ നിന്നും തുകവിനിയോഗിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ അനുമതിയുടെ കാലാവധി ദീർഘിപ്പിച്ച് നൽകികൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പാലക്കാട് ജില്ലയിലെ മുതുതല ഗ്രാമപഞ്ചായത്തിൽ 01/04/2023 മുതൽ 12/06/2023 വരെയുള്ള കാലയളവിൽ കുടിവെള്ള വിതരണത്തിന് സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചതിൽ അധികമായി ചിലവായ 4,93,260/- (നാല് ലക്ഷത്തിൽ തൊണ്ണൂറ്റിമൂവായിരത്തിൽ ഇരുന്നൂറ്റി അറുപതു രൂപ മാത്രം) രൂപ, ചിലവ് ആധികാരികത മുതുതല ഗ്രാമപഞ്ചായത് സെക്രട്ടറി ഉറപ്പാകേണ്ടതാണെന്നും പരാമർശിത സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായും തുക ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് മുതുതല ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
ജോയിന്റ് സെക്രട്ടറി

പകർപ്പ്.-
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, മുതുതല ഗ്രാമ പഞ്ചായത്ത് , പാലക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിന്).
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ